പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3109 **29-10-2026-ൽ മറുപടിയ്ക്ക്**

കാലവർഷക്കെടുതിയിൽ ഉണ്ടായ നാശനഷ്ടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിലും വെള്ളപ്പൊക്കത്തിലും ഉണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ 819 വീടുകളുടെ നാശനഷ്ടവും 4450 വെള്ളപ്പൊക്ക കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വീടുകളും ജീവനോപാധികളും നഷ്ടമായവർക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകാമോ;

മറുപടി: വീടുകളും ജീവനോപാധികളും നഷ്ടമായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം നൽകിയത് എന്ന് വ്യക്തമാക്കാമോ;

മറുപടി: തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതമനുഭവിച്ച 9 പേർക്ക് എസ്.ഡി.ആർ.എഫ് ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെങ്കിൽ എപ്പോൾ നൽകാൻ സാധിക്കുമെന്നും അവരുടെ വിവരങ്ങളും വ്യക്തമാക്കാമോ?

മറുപടി: തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 118 നാശനഷ്ടം സംഭവിച്ച കേസുകൾക്കും 176 വെള്ളപ്പൊക്ക കേസുകൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. എത്രയുംപെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ